# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4975 — 06.02.2014 ന് മറുപടിക്ക്

## സർക്കാർ ഉത്തരവുകൾ മലയാള ഭാഷയിലാക്കുന്നതിനുള്ള നടപടികൾ

ചോദ്യം — ഉത്തരം

ശ്രീമതി. ഗീതാ ഗോപി — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മാതൃഭാഷ- യാക്കുന്നതിന്റെ നടപടികൾ സംബന്ധിച്ച പുരോഗതി എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണ മായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്ന തിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപന ങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പു തലവന്റെ അധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല |

| | | | |
|---|---|---|---|
| | | | സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ദ്വിദിന ഭരണഭാഷാ പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) | സർക്കാർ ഉത്തരവുകൾ പൂർണ്ണതോതിൽ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (ബി) | സർക്കാർ ഉത്തരവുകൾ പൂർണ്ണതോതിൽ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |

Rajani Antony

**സെക്ഷൻ ഓഫീസർ**